DESPATCHED
On..14/12/21...

05/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.853 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 3367/SIC-G7/2018**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. കെ. രവീന്ദ്രൻ നായർ,
പാർവതി ഭവൻ, ഇറയംകോട്,
ചെറിയകൊണ്ണി പി.ഒ., തിരുവനന്തപുരം – 13.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ, തിരുവനന്തപുരം – 695 033.**

2. **അപ്പീൽ അധികാരി,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ, തിരുവനന്തപുരം – 695 033.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 04.01.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 30.01.2018 |
| ഒന്നാം അപ്പീൽ | 27.02.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 26.03.2018 |
| രണ്ടാം അപ്പീൽ | 02.04.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 09.08.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.രവീന്ദ്രൻ നായർ 04.01.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടത്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന ശ്രീ.പി.ജയരാജ് 2015 വർഷം എന്ന് മുതൽ എന്ന് വരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ചാർജ് വഹിച്ചിരുന്നു, പ്രസ്തുത കാലഘട്ടത്തിൽ അദ്ദേഹം ഒപ്പിട്ട്

പുറപ്പെടുവിച്ച ഡ്രാഫ്റ്റ് ഉത്തരവുകൾ, ഫെയർ ഉത്തരവുകൾ, അദ്ദേഹം ഒപ്പിട്ട് കൈപ്പറ്റ /അയച്ച മറ്റ് കത്തുകൾ തുടങ്ങിയ സകല രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട 4 വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിച്ചെങ്കിലും ആയതിന് അപ്പീൽ അധികാരി നൽകിയ മറുപടി ശ്രീ.ജയരാജ് പി. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ചാർജ്ജ് വഹിച്ചിരുന്ന കാലയളവിൽ ടിയാൻ ഒപ്പ് വച്ച ഉത്തരവുകളുടെ 124 പേജുകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിനായി ഫീസ് ഒടുക്കി വിവരങ്ങൾ കൈപ്പറ്റേണ്ടതാണെന്നാണ്.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 09.08.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ ട്രെയിനിംഗ് കോളേജുകൾ ഉൾപ്പെടെ 70 സർക്കാർ കോളേജുകളിൽ നിന്നും 184 എയ്ഡഡ് കോളേജുകളിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടേയും, സർക്കാർ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെയും പെൻഷൻ കൈകാര്യം ചെയ്യുന്നത് പെൻഷൻ (എം,എൻ) എന്നീ സെക്ഷനുകളിലാണെന്നും ആയതിനാൽ ഒരു പ്രത്യേക കാലയളവിൽ പുറപ്പെടുവിച്ച ഡ്രാഫ്റ്റ് ഉത്തരവുകൾ, ഫെയർ ഉത്തരവുകൾ, കത്തുകൾ എന്നിവ സെക്ഷനുകളിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ഓഫീസിൽ ഹാജരായി രേഖകൾ പരിശോധിച്ച് ആവശ്യമുള്ള പകർപ്പുകൾ കൈപ്പറ്റാവുന്നതാണെന്നുമാണ് എസ്.പി.ഐ.ഒ. അപ്പീൽ ഹർജിക്കാരന് നൽകിയ മറുപടി. ടിയാൻ ആവശ്യപ്പെട്ടിരുന്ന രണ്ടാമത്തെ ചോദ്യത്തിന് മാത്രമെ വിവരം നൽകാൻ നിർവ്വാഹമുള്ളൂവെന്നും 1,3,4 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി (എം,എൻ) സെക്ഷനിലാണ്

ലഭ്യമായിട്ടുള്ളതെന്നുമാണ് എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്. അപ്പീൽ ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്കായി ഓഫീസിൽ ഹാജരായി വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്ന എസ്.പി.ഐ.ഒ.യുടെ മറുപടി ഉചിതമായിട്ടുള്ളതാണെങ്കിലും അപ്പീൽ അധികാരി 26.03.2018 ൽ അപ്പീൽ തീർപ്പാക്കിയതിന്മേൽ ഫീസ് ഒടുക്കി രേഖകൾ കൈപ്പറ്റേണ്ടതാണെന്ന് അറിയിച്ചത് ഉചിതമായ നടപടിയല്ല. വിവരാവകാശ നിയമപ്രകാരം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകണമെന്ന തീരുമാനത്തിൽ അപ്പീൽ അധികാരി എത്തിച്ചേരുകയാണെങ്കിൽ അത് ലഭ്യമാക്കാൻ എസ്.പി.ഐ.ഒ. യ്ക്ക് നിർദ്ദേശം നൽകുകയോ നേരിട്ട് വിവരം നൽകി അപ്പീൽ തീർപ്പാക്കുകയോ ആണ് അപ്പീൽ അധികാരി ചെയ്യേണ്ടത്. ഇവിടെ അപ്പീൽ അധികാരി ഫീസ് ഒടുക്കുവാനാണ് ഹർജിക്കാരനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ആയത് അപ്പീൽ അധികാരിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ കൈകാര്യം ചെയ്യുമ്പോൾ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതാണെന്ന് അപ്പീൽ അധികാരിയ്ക്ക് നിർദ്ദേശം നൽകുന്നു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എം.എൻ.സെക്ഷനിലെ എസ്.പി.ഐ.ഒ യിൽ നിന്നും ശേഖരിച്ച് ടിയാന് സൗജന്യമായി നൽകേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കണമെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn